ഇ.ബി.XIII –കേരള നിയമസഭ/X—8

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

# നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2014 ജനുവരി 23, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## ശ്രദ്ധ ക്ഷണിക്കൽ

### (1) എയ്ഡഡ് ആശുപത്രികൾ

ശ്രീ. കെ. എന്. എ. ഖാദര്: ആരോഗ്യരംഗത്ത് നേട്ടങ്ങൾ കൈവരിച്ചിട്ടുള്ള കേരളത്തിൽ പകർച്ചവ്യാധികളും ജീവതശൈലീ രോഗങ്ങളും ഭീഷണിയായിരിക്കുന്നു. വിദഗ്ദ്ധ ചികിത്സയും പരിശോധനാ സൗകര്യങ്ങളും സൗജന്യ മരുന്നുകളും നൽകുന്നതിനുള്ള സംവിധാനം കേരളത്തിൽ

പരിമിതമാണ്. നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് ജീവനക്കാരോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല. സംസ്ഥാനത്തിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് ആരോഗ്യ കേന്ദ്രങ്ങളെ പരാതി വിമുക്തമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികൾ മിക്കവയും നഗരകേന്ദ്രീകൃതമായി പ്രവർത്തിക്കുന്നവയാണ്. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി പരിമിതമായതിനാൽ പൊതുമേഖലയിൽ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുവാൻ സാധിക്കുകയില്ല. ഈ സാഹചര്യത്തിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി എല്ലാ സൗകര്യങ്ങളുമുള്ള എയ്ഡഡ് ആശുപത്രികൾ എല്ലാ മേഖലകളിലും ആരംഭിക്കുവാനും സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ വിദഗ്ദ്ധ ചികിത്സ ഉറപ്പുവരുത്തുവാനും സർക്കാർ തയ്യാറാകണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർക്കാർ ആശുപത്രികളുടെ പ്രവർത്തനം ശക്തിപ്പെടുത്തി വിദഗ്ദ്ധ ചികിത്സ പരമാവധി സൗജന്യമായി നൽകുക എന്നതാണ് സർക്കാരിന്റെ നയം. ആരോഗ്യ മേഖലയുടെ വികസനത്തിന് ത്രിതല ഘടകങ്ങളായ അടിസ്ഥാന

സൗകര്യ വികസനം, മാനവവിഭവശേഷി വിപുലീകരണം, സൗജന്യ മരുന്നു വിതരണം എന്നിവ ശാക്തീകരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ പഞ്ചായത്തു കളിലും പ്രാഥമികാരോഗ്യ കേന്ദ്രങ്ങള്, നൂറ് സബ്സെന്ററുകൾക്ക് പുതിയ കെട്ടിടങ്ങള്, ഇരുനൂറ്റി അമ്പത് പി.എച്ച്.സി.-കളിൽ ലബോറട്ടറി സൗകര്യ ങ്ങള്, മുപ്പത്തിയൊന്ന് താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യം എന്നിവ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ല ഒഴികെയുള്ള ജില്ലകളിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സി.എച്ച്.സി.-കൾ ഇല്ലാത്ത ബ്ലോക്കുകളിൽ അവ ആരംഭിക്കുന്നതും എല്ലാ സി.എച്ച്.സി.-കളിലും നാല് സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതുമാണ്. കേരളത്തിലെ എല്ലാ ആശുപത്രികളേയും കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (KASH) എന്ന പദ്ധതിയിലേക്ക് കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ നാലായിരത്തിലധികം തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങളുള്ള പ്രൈമറി ഹെൽത്ത് സെന്ററുകളിൽ കിടത്തി

ചികിത്സിക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ആരോഗ്യകിരണം പദ്ധതി ഇൻഡ്യയിലാദ്യമായി നടപ്പിലാക്കിയത് കേരളമാണ്. സർക്കാർ സഹായത്തോടെ എയ്ഡഡ് ആശുപത്രികൾ എന്ന ആശയത്തോട് യോജിക്കാൻ നിർവ്വാഹമില്ല.

## (2) കയർ മേഖലയിലെ പ്രതിസന്ധി

ശ്രീ. പി. തിലോത്തമന്: നാളികേര കൃഷിയുടെ തകർച്ചമൂലമുണ്ടായ ചകിരിയുടെ വിലവർദ്ധനവും ലഭ്യതക്കുറവും കയറുല്പന്നങ്ങളുടെ വിലക്കുറവും കുറഞ്ഞ വേതനവും മറ്റ് ഉല്പന്നങ്ങളുടെ കടന്നുകയറ്റവും കാരണം സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമായ കയർ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. കയറുൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ കേരളത്തിന്റെ പങ്ക് ഗണ്യമായി കുറഞ്ഞിരിക്കുന്നു. കയറിന് ആഗോളമാർക്കറ്റിൽ ഉണ്ടായിരുന്ന മാർക്കറ്റ് ഇടിച്ചുതാഴ്ത്തി മറ്റ് ഉല്പ്പന്നങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് മുതലാളിമാർ സ്വീകരിക്കുന്നത്. അതിനാൽ കയർ മേഖലയെ പുന:സംഘടിപ്പിക്കാനും ചകിരിക്ക് ഏർപ്പെടുത്തിയ സബ്സിഡി കയർസംഘ ങ്ങൾക്കുതന്നെ ലഭ്യമാക്കാനും ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില

ഉറപ്പുവരുത്താനും ഉൽപ്പാദനക്ഷമത കൂടുതലുള്ള പുതിയ യന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിനും പുതുതലമുറയെ ഇതിലേക്ക് ആകർഷിക്കുന്നതിനും ട്രഡീഷണൽ ഐറ്റംസിന് ഇൻകം സപ്പോർട്ട് സ്കീം നടപ്പിലാക്കുന്നതിനും നാളികേരകൃഷി പരിപോഷിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): പതിനായിര ക്കണക്കിന് തൊഴിലാളികളുടെ ജീവതമാർഗ്ഗമായ കയർ വ്യവസായത്തെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തനക്ഷമമായ എല്ലാ കയർ സഹകരണ സംഘങ്ങൾക്കും അർഹമായ മൂലധനം അനുവദിച്ചുകൊണ്ട് തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും ഇൻകം സപ്പോർട്ട് സ്കീം പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. മലബാർ മേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോഴിക്കോട് പ്രോജക്ടിന്റെ കീഴിൽ 10 കയർപിരി സംഘങ്ങൾക്കും കണ്ണൂർ പൊന്നാനി പ്രോജക്ടിന്റെ കീഴിൽ അഞ്ച് കയർപിരി സംഘങ്ങൾക്കും പ്രയോജനം ലഭിക്കുന്ന രീതിയിൽ ഒരു പ്രത്യേക പാക്കേജിന് അംഗീകാരം നൽകി 4.90 കോടി രൂപ അനുവദിച്ചു. ചകിരിയുടെ വില വർദ്ധനവ് പരിഗണിച്ച് കയർ സഹകരണ സംഘങ്ങൾക്കും കയർ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സബ്സിഡി നിരക്കിൽ ചകിരി ലഭ്യമാക്കുന്നതിന് കയർ ഫെഡിനെ ചുമതലപ്പെടുത്തുകയും

സംഘങ്ങളിൽനിന്ന് വാങ്ങുന്ന കയറിന്റെ വില വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട ഉത്പാദക സംഘങ്ങൾ ഉൾപ്പെടെ കയർ മേഖലയിലെ സംഘങ്ങൾ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ കയർ ഫെഡും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനും സംഭരിക്കും. കയർപിരി ഉത്പന്ന മേഖലയിലെ കൂലി 360 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കയർ മേഖലയിൽ വൈവിധ്യ വത്കരണത്തിന്റെ ഭാഗമായി കയർ കോമ്പസിറ്റ് ബോർഡ്, ജൈവവളം, കയർ മാട്രസുകൾ തുടങ്ങിയവ വികസിപ്പിച്ചെടുക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കയർ കോർപ്പറേഷന്റെ നേതൃത്വത്തിൽ തൊണ്ട് സംഭരണം മുതൽ കയർ ഉത്പന്നംവരെയുള്ള ആധുനിക സംയോജിത യൂണിറ്റിന്റെ പ്രവർത്തനം നടന്നുവരുന്നു. ആധുനികവത്കരണത്തിന്റെ ഭാഗമായി പച്ചത്തൊണ്ടിൽനിന്നും ഉണക്കത്തൊണ്ടിൽനിന്നും ചകിരി ഉത്പാദനം നടത്തുന്നതിനുള്ള ക്രഷർ യൂണിറ്റോടുകൂടിയ ഒരു പുതിയ തൊണ്ട് തല്ലൽ യന്ത്രം നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചെടുത്തിട്ടുണ്ട്. കയറും ചകിരി നാരും ഉപയോഗിച്ച് കരകൗശല വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതി നുള്ള പരിശീലന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്

**സബ്മിഷൻ**

(1) **ഫയർ സ്റ്റേഷൻ**

ശ്രീ. എം. ഉമ്മർ : മഞ്ചേരിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിനുവേണ്ട

സ്ഥലം ഗെയിലിന്റെ പക്കൽനിന്ന് മടക്കി വാങ്ങുന്നതിനോ പുതിയ സ്ഥലം അനുവദിക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): മഞ്ചേരിയിൽ ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകൊടുക്കാൻ തീരുമാനമായെങ്കിലും ഗെയിലിന്റെ സ്പെഷ്യലൈസിംഗ് വാൽവ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഈ സ്ഥലം അനുയോജ്യമാണെന്ന് കണ്ടതുകൊണ്ട് സ്ഥലം കൈമാറ്റം നിർത്തിവച്ചിരിക്കുകയാണ്. പകരം ഭൂമി കണ്ടെത്തുന്നതിന് ജില്ലാ കളക്ടറുടെ അഭിപ്രായം ആരാഞ്ഞതിനുശേഷം നടപടി സ്വീകരിക്കുന്നതാണ്.

## (2) സ്റ്റാർട്ട് -അപ് വില്ലേജ്

ശ്രീ. എം.വി. ശ്രേയാംസ് കുമാർ : വയനാട് ജില്ലയിൽ കാർഷികാധിഷ്ഠിത സ്റ്റാർട്ട്-അപ് വില്ലേജ് ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കാർഷികാധിഷ്ഠിതമായി ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് യുവസംരംഭകർ മുന്നോട്ട് വരികയാണെങ്കിൽ വയനാട്ടിൽ സ്റ്റാർട്ട്-അപ് വില്ലേജുപോലുള്ള സംവിധാനം ഉണ്ടാക്കാൻ സാധിക്കും. കിൻഫ്രയുടെ സ്ഥലത്ത് അത്തരമൊരു സംവിധാനം ആരംഭിക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് അനുകൂല സമീപനമാണുള്ളത്.

## (3) 'ആശ്വാസ പെൻഷൻ ' പദ്ധതി

ശ്രീ. സി. കൃഷ്ണന്: കേരളാ ദിനേശ് ബീഡി തൊഴിലാളികളുടെ 'ആശ്വാസ പെൻഷൻ ' പദ്ധതി പുന:സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി): കേരളാ ദിനേശ് ബീഡി തൊഴിലാളികളുടെ ആശ്വാസ പെൻഷൻ പദ്ധതിയുടെ കുടിശ്ശിക സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് പാസ്സായിക്കഴിഞ്ഞാൽ വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. ഭാവി സ്കീമിനെപ്പറ്റി ചർച്ചചെയ്ത് തീരുമാനിക്കുന്നതാണ്.

## (4) അനധികൃത ചന്ത നിരോധിക്കൽ

ശ്രീ. കോലിയക്കോട് എന്. കൃഷ്ണൻ നായര്: വാമനപുരം പാലത്തിന് സമീപം അനധികൃതമായി അന്തിച്ചന്ത നടത്തുന്നത് നിരോധിച്ചുകൊണ്ട് തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വെഞ്ഞാറമൂട് പോലിസ് സ്റ്റേഷൻ അതിർത്തിയിൽ തിരുവനന്തപുരം - കൊട്ടാരക്കര എം.സി. റോഡിൽ വാമനപുരം പാലത്തിനു സമീപം അനധികൃതമായി നടത്തിവരുന്ന അന്തിച്ചന്ത ഒഴിപ്പിക്കുന്നതിനാരംഭിച്ച നടപടിയുടെ ഭാഗമായി ചന്ത ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നെടുമങ്ങാട്

തഹസീൽദാരെ ചുമതലപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം സബ്ഡിവിഷണൽ മജിസ്ട്രേറ്റ് പുറപ്പെടുവിച്ച നിരോധന ഉത്തരവ് നടപ്പാക്കാത്തതിനാൽ ചന്ത തുടരുകയാണ്. ഈ വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്യുന്നതാണ്. പോലീസ് പ്രൊട്ടക്ഷൻ കൊടുക്കാൻ തയ്യാറാണ്. തഹസീൽദാരുടെ നേതൃത്വത്തിലാണ് ഒഴിപ്പിക്കേണ്ടത്.

(5) **<u>സ്റ്റാഫ് ഫിക്സേഷൻ നടപ്പിലാക്കാത്തതുമൂലമുണ്ടായ ബുദ്ധിമുട്ട്</u>**

<u>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:</u> സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടപ്പിലാക്കാത്തതുമൂലവും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാത്തതുമൂലവും വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: സംസ്ഥാനത്തെ സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. 2005 മുതൽ നിലനിന്നിരുന്ന നിയമന നിരോധനവും മറ്റ് നിബന്ധനകളുംമൂലം അംഗീകാരവും ശമ്പളവും ലഭിക്കാതെവന്ന അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തസ്തികയില്ലാതെ പുറത്തുപോകേണ്ടിവന്ന അദ്ധ്യാപകരുടെ പുനർവിന്യാസത്തിനും വേണ്ടി സർക്കാർ അദ്ധ്യാപക പാക്കേജ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലുൾപ്പെട്ട അദ്ധ്യാപകരുടെ പുനർവിന്യാസവും

ശാസ്ത്രീയമായ നടപ്പിലാക്കലും കാര്യക്ഷമമാക്കുവാൻ യു.ഐ.ഡി. പ്രകാരമുള്ള കുട്ടികളുടെ കണക്കെടുപ്പ് സംസ്ഥാനമൊട്ടാകെ 2013-ൽ പൂർത്തീകരിക്കുകയും തുടർന്ന് തസ്തികനിർണ്ണയം സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു. പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ച് തസ്തിക നിർണ്ണയം നടത്താൻ നിർദ്ദേശിച്ച് ഉത്തവ് പുറപ്പെടുവിച്ചെങ്കിലും ഹൈക്കോടതി താൽക്കാലിക വിലക്ക് ഏർപ്പെടുത്തിയിരിക്കുകയാണ്. സർക്കാർ ഉത്തരവനുസരിച്ച് തസ്തികനിർണ്ണയം നടത്തുമ്പോൾ അധികം വരുന്ന എല്ലാ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെയും നോഷണലായി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ നിലനിർത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇത് സർക്കാർ സ്കൂളുകളിലും പ്രാവർത്തികമാക്കുന്ന കാര്യം സജീവമായി പരിഗണിച്ചുവരികയാണ്. കോടതിയുടെ സ്റ്റേക്കെതിരെ സർക്കാർ നിലപാട് അറിയിച്ചിട്ടുണ്ട്.

## (6) <u>വാദ്യ കലാകാരനെ പുറത്താക്കിയത് സംബന്ധിച്ച്</u>

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u> : ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും പട്ടികജാതിക്കാരനായ വാദ്യകലാകാരനെ പുറത്താക്കിയ ദേവസ്വം ബോർഡിന്റെ നടപടിക്കെതിരെ സഭ പ്രതിഷേധിക്കുകയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും വേണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>): ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും പട്ടികജാതിക്കാരനായ

വാദ്യകലാകാരനെ പുറത്താക്കിയെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ ദേവസ്വംബോർഡ് അധികൃതർ നൽകിയ റിപ്പോർട്ടിൽ ദേവസ്വം മാനേജിംഗ് കമ്മിറ്റിയോ ദേവസ്വം ഉദ്യോഗസ്ഥരോ ഇത്തരത്തിൽ പ്രവർത്തിച്ചിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗുരുവായൂർ ക്ഷേത്ര പരിസരത്ത് സ്ഥിതിചെയ്യുന്ന ഭഗവതി ക്ഷേത്രത്തിലെ ആഘോഷവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച മേളത്തിലെ വാദ്യമേളക്കാരനാണ് പുറത്താക്കപ്പെട്ട വ്യക്തിയെന്നും ഈ ആഘോഷവുമായി ഗുരുവായൂർ ദേവസ്വത്തിന് ബന്ധമില്ലെന്നും അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഒരു റിട്ടയേർഡ് ജഡ്ജിയെ നിയോഗിക്കുന്നതിന് ദേവസ്വം ഭരണസമിതി തീരുമാനിച്ചിട്ടുണ്ടെന്നും ഗുരുവായൂർ ക്ഷേത്ര നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലൊന്നും അയിത്താചാരങ്ങൾ നിലനിൽക്കുന്നില്ലെന്നും ഭാരവാഹികൾ അറിയിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (7) **പെരുമ്പിലാവ് പി. എച്ച്. സി.**

ശ്രീ. ബാബു. എം. പാലിശ്ശേരി : പെരുമ്പിലാവ് പി.എച്ച്.സി. യിൽ മരുന്ന് നശിപ്പിച്ച ജീവനക്കാർക്കെതിരെ ഉന്നതതല അന്വേഷണം നടത്തി ശിക്ഷാ നടപടികൾ സ്വീകരിക്കുകയും ഒഴിവുള്ള ഡോക്ടർ തസ്തികയിൽ സ്ഥിരനിയമനം നടത്തുകയും ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍): പെരുമ്പിലാവ് പി.എച്ച്.സി. യില്‍ മരുന്ന് നശിപ്പിച്ചുവെന്ന പരാതിയുടെ അടിസ്ഥാനത്തില്‍ തൃശ്ശൂര്‍ ഡെപ്യൂട്ടി ജില്ലാ മെഡിക്കല്‍ ഓഫീസര്‍ നടത്തിയ പരിശോധനയില്‍ പള്‍സ് പോളിയോ പരിപാടിയുടെ ഭാഗമായി മുറി വൃത്തിയാക്കിയ ജൂനിയര്‍ പബ്ലിക് ഹെല്‍ത്ത് നഴ്സുമാര്‍ ഉപയോഗശൂന്യമായി കാണപ്പെട്ട പെട്ടികള്‍ കത്തിച്ചതായും ഈ പെട്ടികളില്‍ കാലാവധി കഴിഞ്ഞതും കഴിയാത്തതുമായ മരുന്നുകള്‍ ഉണ്ടായിരുന്നതായും മരുന്നുകള്‍ നശിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങള്‍ പാലിച്ചിരുന്നില്ലെന്നും കണ്ടെത്തിയിരുന്നു. അന്വേഷണ റിപ്പോര്‍ട്ടിലെ ശുപാര്‍ശയുടെ അടിസ്ഥാനത്തില്‍ ബന്ധപ്പെട്ട ഉദ്യോഗസ്ഥര്‍ക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാനും നശിപ്പിച്ച മരുന്നുകളുടെ വില കണക്കാക്കി നഷ്ടം ഈടാക്കുന്നതിനും നിര്‍ദ്ദേശം നല്‍കിയിട്ടുണ്ട്.

## (8) **ഭാരതപ്പുഴയില്‍ തടയണ നിര്‍മ്മാണം**

ശ്രീ. എം. ഹംസ : ഭാരതപ്പുഴയുടെ സംരക്ഷണത്തിനും ജനങ്ങള്‍ക്ക് കുടിവെള്ളമെത്തിക്കുന്നതിനുമായി റിവര്‍ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് ഒറ്റപ്പാലം റെയില്‍വേസ്റ്റേഷനു സമീപം തടയണ നിര്‍മ്മിക്കാന്‍ നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പമന്ത്രി (ശ്രീ. അടൂര്‍ പ്രകാശ്): അമ്പത് ലക്ഷം രൂപയ്ക്ക് താഴെ എസ്റ്റിമേറ്റ് വരുന്ന പ്രവര്‍ത്തികള്‍ക്ക് മാത്രമേ റിവര്‍

മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാൻ പാടുള്ളൂ എന്ന സംസ്ഥാന ഉന്നതതല സമിതിയുടെ തീരുമാനമനുസരിച്ചും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കാവുന്ന ചെലവിനങ്ങളിൽ തടയണ നിർമ്മാണം ഉൾപ്പെടാത്തതിനാലും ഒറ്റപ്പാലം റെയിൽവേസ്റ്റേഷന് സമീപം തടയണ നിർമ്മിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർ നൽകിയ ഒമ്പത് കോടി രൂപയുടെ പ്രൊപ്പോസൽ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(9) <u>**പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച്**</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : ദേവികുളം താലൂക്കിലെ വിവിധ വില്ലേജുകളിൽ കൊടുത്തിട്ടുള്ള പട്ടയങ്ങളിന്മേൽ നികുതി സ്വീകരിച്ച് വീട് വയ്ക്കുന്നതിനുള്ള അനുമതി നൽകുകയും പട്ടയം നൽകാത്ത പ്രദേശങ്ങളിൽ പട്ടയം നൽകാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്)</u> : . നിയമവിരുദ്ധമായി നൽകിയിരിക്കുന്ന പട്ടയങ്ങൾക്ക് നിയമസാധുതയില്ലെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ വ്യാജപട്ടയങ്ങൾ കണ്ടെത്തുന്നതിനായി ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലുൾപ്പെട്ട പ്രദേശങ്ങളിലെ പട്ടയങ്ങളുടെ പരിശോധന ദേവികുളം സ്പെഷ്യൽ എല്.എ. ഓഫീസിൽ നടന്നുവരുന്നു.

## (10) **മനുഷ്യാവകാശ കമ്മീഷൻ ഉദ്യോഗസ്ഥർ വിവരങ്ങൾ ശേഖരിക്കാൻ നടത്തുന്ന നീക്കം**

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഓർഫനേജ് കൺട്രോൾ ബോർഡിന്റെ രജിസ്ട്രേഷനോടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനാഥാലയങ്ങളിൽ മനുഷ്യാവകാശ കമ്മീഷന്റെ ചീഫ് ഇൻവെസ്റ്റിഗേറ്റിംഗ് ഓഫീസറുടെ നേതൃത്വത്തിൽ നടത്തുന്ന അനധികൃത വിവരശേഖരണം തടയുന്നതിന് നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീര്): 1960-ലെ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പ്രവർത്തനം വിലിയരുത്തുന്നതിന് ഓർഫനേജ് കൺട്രോൾ ബോർഡും, സംസ്ഥാന-ജില്ലാതല അവലോകനസമിതികളും സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഇൻസ്പെക്ഷൻ കമ്മിറ്റിയും നിലവിലുണ്ട്. ഈ സാഹചര്യത്തിൽ 1993-ലെ മനുഷ്യാവകാശ സംരക്ഷണ നിയമപ്രകാരം കമ്മീഷന് വിവരശേഖരണം നടത്തുന്നതിന് നിയമപരമായ അധികാരമുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

## (11) **നാലുവരിപ്പാത**

ശ്രീ. പി. എ. മാധവന്: കയ്പറമ്പ് മുതൽ ചൂണ്ടൽ വരെയുള്ള നാലുവരിപ്പാതയുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് നടപടി

സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): കയ്പ്പറമ്പ് മുതൽ ചൂണ്ടൽവരെ നാലുവരിപ്പാതയാക്കി വികസിപ്പിക്കാനാവശ്യമായ സ്ഥലം ലഭ്യമാകാത്ത സാഹചര്യത്തിൽ ഈ ഭാഗം രണ്ടുവരിപ്പാതയാക്കി നവീകരിക്കുകയും അധികമായി വേണ്ടിവരുന്ന സ്ഥലം ഏറ്റെടുക്കുന്ന മുറയ്ക്ക് നാലുവരി പാതയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമാണ്.

(12) **കുറുന്തോട്ടയം പാലം**

ശ്രീ. ചിറ്റയം ഗോപകുമാര്: അടൂർ മണ്ഡലത്തിലെ കുറുന്തോട്ടയം പാലത്തിന്റെ വീതി വർദ്ധിപ്പിച്ച് പുനർനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കുറുന്തോട്ടയം പാലം പുതുക്കിപ്പണിയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റും ഡിസൈനും പൂർത്തിയായതിനുശേഷം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(13) **ശീതികരണ സംവിധാനം**

ശ്രീ. വി. പി. സജീന്ദ്രന്: മത്സ്യത്തൊഴിലാളികൾ ശേഖരിക്കുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനുവേണ്ടി ശീതികരണ സംവിധാനം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പമന്ത്രി (<u>ശ്രീ. കെ. ബാബു):</u> മത്സ്യത്തൊഴിലാളികൾ ശേഖരിക്കുന്ന മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിനു വേണ്ടി കൊച്ചിയിൽ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ പരുത്തിയൂര്, പൂവാര്, പുതിയതുറ എന്നിവിടങ്ങളിലെ ഫിഷ് ലാന്റിംഗ് സെന്ററുകളോടനുബന്ധിച്ചും നീണ്ടകര, മുനമ്പം എന്നിവിടങ്ങളിൽ ഫിഷ് ഹാർബറിനോടനുബന്ധിച്ചും Chill stores പ്രവർത്തിക്കുന്നുണ്ട്. റിസ്സഷൻ പാക്കേജ് പദ്ധതി പ്രകാരം കായംകുളം -അഴീക്കൽ ഫിഷിംഗ് ഹാർബറിൽ ഒരു ഐസ് പ്ലാന്റ് കം കോൾഡ് സ്റ്റോറേജ് സ്ഥാപിക്കാൻ അംഗീകാരം നൽകിയിട്ടുണ്ട്. ചാവക്കാട് മുനിസിപ്പാലിറ്റിയിലെ പുത്തൻകടപ്പുറം, ബ്ലാങ്കാട്, അഞ്ചുതെങ്ങ്, മര്യനാട്, പുതുക്കുറുച്ചി എന്നിവിടങ്ങളിൽ ചിൽഡ് സ്റ്റോറേജും വിഴിഞ്ഞം, അഴീക്കല്, ശക്തികുളങ്ങര തുടങ്ങിയ കേന്ദ്രങ്ങളിൽ കോൾഡ് സ്റ്റോറേജുകളും ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യവിതരണ അനുബന്ധ തൊഴിലാളികൾക്ക് കേട്ടുകൂടാതെ മത്സ്യം സൂക്ഷിക്കുന്നതിനായി ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കൂടാതെ "fresh fish to all' എന്ന പദ്ധതി പ്രകാരം അമ്പത് ട്രക്കുകളും ഇരുന്നൂറ് ആട്ടോറിക്ഷകളും ആയിരം ബൈക്കുകളും വിതരണം ചെയ്യാനുള്ള ഒരു പദ്ധതി സംബന്ധിച്ച റിപ്പോർട്ടും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്.

(14) **കണ്ണൂർ മാപ്പിളബേ ഹാർബർ**

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി : കണ്ണൂർ മാപ്പിളബേ ഹാർബർ നിർമ്മാണത്തിലെ തകരാറുകൾ പരിഹരിച്ച് ഹാർബർ പൂർണ്ണമായി പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കണ്ണൂർ മാപ്പിളബേ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണ കാലഘട്ടത്തിൽത്തന്നെ ഹാർബറിനുള്ളിൽ മണ്ണടിഞ്ഞതിനെത്തുടർന്ന് തുടർ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചു. അടിഞ്ഞുകൂടിയിരിക്കുന്ന ചെളിയും മറ്റും നീക്കം ചെയ്യുന്നതിന് 50 ശതമാനം കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതിക്ക് കേന്ദ്രം ഭരണാനുമതി നൽകുകയും പ്രീക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി 18 മാസംകൊണ്ട് പൂർത്തിയാക്കാൻ കഴിയുന്നതാണ്. മണ്ണ് നീക്കംചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഹാർബറിൽ മണ്ണടിയുന്ന പ്രതിഭാസം തുടർന്നുവരുന്ന സാഹചര്യത്തിൽ ശാശ്വത പരിഹാരത്തിനായി കേന്ദ്രസർക്കാർ സ്ഥാപനമായ സി.ഡബ്ല്യു.പി.ആർ.എസ്. പഠനം നടത്തിയതനുസരിച്ച് പ്രധാന പുലിമുട്ടിന്റെ നീളം 200 മീറ്റർ വർദ്ധിപ്പിക്കാനും 300 മീറ്റർ നീളത്തിൽ ഒരു ഉപപുലിമുട്ടുകൂടി നിർമ്മിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ലഭ്യമായ റിപ്പോർട്ടിന്മേൽ ചില

വിശദാംശങ്ങൾകൂടി സി.ഡബ്ല്യൂ.പി.ആര്.എസ്. നോട് ആരാഞ്ഞിരിക്കുകയാണ്. അനുബന്ധ സൗകര്യങ്ങൾ ഏർപ്പാടാക്കുന്നത് ഉൾപ്പെടെ രണ്ടാംഘട്ട വികസനത്തിനുള്ള രൂപരേഖ കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതാണ്. സി.ഡബ്ല്യൂ.പി.ആര്.എസ്-ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ പൂർത്തീകരിക്കുമ്പോൾ കണ്ണൂർ മാപ്പിളബേ ഫിഷിംഗ് ഹാർബറിൽ മണ്ണടിയുന്നത് പൂർണ്ണമായും നിയന്ത്രിച്ച് മത്സ്യബന്ധന പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയുന്നതാണ്.

## റിപ്പോർട്ട് സമർപ്പണം

(1) 2013-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപത്തിരണ്ട് മുതൽ ഇരുപത്തിനാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(3) പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അഞ്ച് മുതൽ ഏഴ് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

(4) മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമതും മൂന്നാമതും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ

സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

#### (1) 2013-ലെ തിരുവിതാംകൂര്‍- കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തിരുവിതാംകൂര്‍-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

**ക്രമ പ്രശ്നം**

## നിലവുള്ള ബില്ലിനുപകരം മറ്റൊരു ഓർഡിനൻസ് പുറപ്പെടുവിച്ചത് സംബന്ധിച്ച്

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയച്ചിരുന്ന മുപ്പത്തിനാലാം നമ്പർ ഓർഡിനൻസിന് പകരമുള്ള ഒരു ബിൽ നിലനിൽക്കെ നാൽപ്പത്തിരണ്ടാം നമ്പറായി മറ്റൊരു ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുകയാണ്. നേരത്തെയുള്ള അതേ വ്യവസ്ഥകൾതന്നെ ചേർത്തുകൊണ്ടാണ് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്. നേരത്തെയെടുത്ത നടപടികൾക്കെല്ലാം അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്. ദേവസ്വം ബോർഡുകളിൽ സ്ത്രീകളുടെ പ്രാതിനിധ്യം വേണ്ടെന്ന് തീരുമാനിച്ചതാണ് ഇതിന്റെ ആകെയുള്ള നേട്ടം. നിയമനങ്ങൾ നടത്താനുള്ള അധികാരം ബോർഡിന് വിട്ടുകൊടുക്കുന്ന റൂൾസുണ്ടാക്കാൻ അനുമതി നൽകാനുള്ള വ്യവസ്ഥയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുകയാണ് . നിലവിലുള്ള ബിൽ പാസ്സാക്കിയെടുക്കുന്നതിനുപകരം മറ്റൊരു ഓർഡിനൻസിലൂടെ നിയമസഭയുടെ അധികാരം മറികടക്കത്തക്കവിധത്തിൽ ഇത്തരം ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്

ശരിയല്ല.

<u>ശ്രീ. മാത്യു. റ്റി. തോമസ്</u> : 2013-ലെ മുപ്പത്തിനാലാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ എന്ന് ഈ ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളുടെ വിവരണത്തിൽ വ്യക്തമാക്കുന്നുണ്ട്. സബ്ജക്ട് കമ്മറ്റിക്ക് പോയിതിരികെ വന്ന ബില്ലിന്റെ പതിനേഴാം ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നത് 2013-ലെ തിരുവിതാംകൂര്-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് (2013-ലെ മുപ്പത്തിനാലാം നമ്പർ ഓർഡിനൻസ്) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു എന്നാണ്. മുപ്പത്തിനാലാം നമ്പർ ഓർഡിനൻസിന് പകരമുള്ള ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ ഇവിടെ നാൽപ്പത്തിരണ്ടാം നമ്പർ ഓർഡിനൻസിനു പകരം ഒരു ബിൽ അവതരിപ്പിച്ചിട്ടില്ല എന്നതാണ് പ്രശ്നം. ഒരു ഭേദഗതിയിലൂടെ ഓർഡിനൻസിന്റെ നമ്പർ മാറ്റുന്നതിന് നിയമസാധുതയുണ്ടോയെന്നത് വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ):</u> 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസ് ലാപ്സായതിനു പകരമായിട്ടാണ് 2013-ലെ നാല്പത്തിരണ്ടാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുള്ളത്.

നിയമനിർമ്മാണം അവശ്യമായിത്തീർന്ന സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള ഒരു പ്രസ്താവന സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. ബില്ലിൽ റദ്ദാക്കലും ഒഴിവാക്കലും എന്ന വ്യവസ്ഥയിൽ ഓർഡിനൻസിന്റെ നമ്പറിൽ വ്യത്യാസം വരുത്തുന്നതിന് ഔദ്യോഗിക ഭേദഗതി കൊണ്ടുവരുന്നുണ്ട്. ബില്ലിലെ മറ്റ് വ്യവസ്ഥകളിൽ മാറ്റം വരുത്താൻ ഉദ്ദേശിച്ചിട്ടില്ലാത്തതിനാൽ ചട്ടപ്രകാരം സഭയുടെ പരിഗണനയിലുള്ള ബിൽ പിൻവലിച്ച് മറ്റൊരു ബിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. ബിൽ പരിഗണിക്കാൻ കഴിയാതിരുന്ന സമയത്തെല്ലാം ഓർഡിനൻസ് റീ-പ്രൊമുൽഗേറ്റ് ചെയ്തിട്ടുണ്ട്. 2013 മാർച്ച് പതിനഞ്ചാം തീയതി ആരംഭിച്ച് 2013 ഏപ്രിൽ പത്താം തീയതി അവസാനിച്ച നിയമസഭയുടെ സമ്മേളനകാലത്ത് ബിൽ പ്രസിദ്ധീകരിച്ചുവെങ്കിലും അവതരിപ്പിക്കാൻ കഴിയാതിരുന്നതിനാൽ ഏപ്രിൽ ഇരുപത്തിയഞ്ചാം തീയതി റീ-പ്രൊമുൽഗേറ്റ് ചെയ്യുകയും 11-06-2013-ന് സഭയിൽ അവതരിപ്പിച്ച് 2013 ജൂൺ ഇരുപതാം തീയതി സബ്ജക്ട് കമ്മിറ്റി പരിഗണിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നതാണെങ്കിലും പാസ്സാക്കാൻ കഴിഞ്ഞില്ല. 2013 ജൂലൈ 18-നാണ് പുന:പ്രസിദ്ധീകരിച്ചത്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: ഭരണഘടനയുടെ 213 (2) അനുച്ഛേദത്തിൽ പറയുന്നത് അങ്ങനെയൊരു ഓർഡിനൻസ് പുറപ്പെടുവിച്ചാൽ അത് മേശപ്പുറത്തുവയ്ക്കണമെന്നാണ്. നാൽപ്പത്തിരണ്ടാം നമ്പർ ഓർഡിനൻസിനു

പകരമായി നിയമം അവതരിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: പഴയ മുപ്പത്തിനാലാം നമ്പർ ഓർഡിനൻസ് ലാപ്സായി എങ്കിൽ നാൽപ്പത്തിരണ്ടാം നമ്പർ ഓർഡിനൻസ് സഭയുടെ മേശപ്പുറത്തുവച്ച് അതിനനനസുരിച്ചുള്ള ബിൽ കൊണ്ടുവരണം. പുതിയ ബിൽ അവതരിപ്പിക്കേണ്ടതില്ലെന്ന് നിയമ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ഓർഡിനൻസ് സഭയിൽ സമർപ്പിച്ചിട്ടുണ്ട്. പുതിയ ബിൽ ആവശ്യമില്ലെന്ന് നിയമ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**റൂളിംഗ്**

മി. സ്പീക്കർ: 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ, 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ എന്നിവ 2013 ജൂൺ പതിനൊന്നാം തീയതി സഭയിൽ അവതരിപ്പിക്കുകയും ചർച്ചയ്ക്കുശേഷം സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു. പ്രസ്തുത ബില്ലുകൾ 2013-ലെ 34-ഉം, 35-ഉം നമ്പർ ഓർഡിനൻസുകൾക്ക് പകരമുള്ളവയായിരുന്നു. പ്രസ്തുത ബില്ലുകൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ജൂൺ ഇരുപതാം തീയതി സഭയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ഒൻപതാം സമ്മേളനം നിശ്ചയിച്ചിരുന്നതിൽനിന്നും

വ്യത്യസ്തമായി ജൂലൈ ഒമ്പതാം തീയതി സമാപിച്ച സാഹചര്യത്തിൽ ബില്ലുകൾ പരിഗണനയ്ക്കെടുക്കുവാൻ കഴിയാതെ വന്നു. പ്രസ്തുത ഓർഡിനൻസുകൾ ലാപ്സ് ആകുന്നതിനുമുമ്പ് അതിലെ നിർദ്ദേശങ്ങൾക്ക് തുടർ പ്രാബല്യം നല്കുന്നതിന് 2013 ജൂലൈ പത്തൊൻപതാം തീയതി നാൽപ്പത്തിരണ്ടും നാൽപ്പത്തിമൂന്നും നമ്പർ ഓർഡിനൻസുകൾ ഗവർണ്ണർ പ്രൊമുൽഗേറ്റ് ചെയ്തു. സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ബില്ലുകളിലെ വകുപ്പുകൾക്ക് യാതൊരു മാറ്റവും വരുത്താതെയാണ് ഓർഡിനൻസ് നമ്പർ 42-ഉം, 43-ഉം പുറപ്പെടുവിച്ചിട്ടുള്ളത്. നിയമസഭാ ചട്ടം 75(2) പ്രകാരം പ്രസ്തുത ഓർഡിനൻസുകളെ സംബന്ധിക്കുന്ന സ്റ്റേറ്റ്മെന്റുകൾ 2014 ജനുവരി ആറാം തീയതി സഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. 2014 ജനുവരി ഒന്നാം തീയതി ചേർന്ന കക്ഷിനേതാക്കന്മാരുടെ യോഗത്തിലും 2014 ജനുവരി മൂന്നാം തീയതിയിലെ കാര്യോപദേശക സമിതി യോഗത്തിലും ഇക്കാര്യം ചർച്ച ചെയ്ത് അഭിപ്രായ സമന്വയം ഉണ്ടായതിന്റെ അടിസ്ഥാനത്തിലാണ് നിലവിലുള്ള ഓർഡിനൻസിനുപകരം പുതിയ ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നതിനുപകരം സഭ മുമ്പാകെ പെന്റിംഗ് ആയിട്ടുള്ള ഈ ബിൽ പരിഗണിക്കാൻ തീരുമാനിച്ചത്.

2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിൽ ദേവസ്വം ബോർഡിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിട്ടുകൊണ്ട് നടത്തിയ നിയമനിർമ്മാണം അസ്ഥിരപ്പെടുത്തിയതും നിലവിലുള്ള വനിതാ

സംവരണം ഒഴിവാക്കിയതും ഭരണഘടനാ ലംഘനമാണെന്നാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്.

പി.എസ്.സി. നിയമനം അസ്ഥിരപ്പെടുത്തുന്നതും വനിതാ സംവരണം ഒഴിവാക്കുന്നതും ഗവൺമെന്റിന്റെ നയപരമായ തീരുമാനമാണ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന് ഭേദഗതി കൊണ്ടുവരാനുള്ള അധികാരം സഭയ്ക്കുണ്ട്. ബില്ലിൽ ഭരണഘടനാ ലംഘനം ഉൾപ്പെട്ടിട്ടുണ്ടോ എന്നത് ആത്യന്തികമായി തീരുമാനിക്കുന്നത് കോടതിയാണ്. ബിൽ പരിഗണിക്കണമെന്ന പ്രമേയം ചർച്ച ചെയ്യുമ്പോൾ നിലവിലുള്ള 42-ഉം 43-ഉം നമ്പർ ഓർഡിനൻസുകൾ നിരാകരിക്കണമെന്ന പ്രമേയവും അവതരിപ്പിക്കുവാൻ അംഗങ്ങൾക്ക് അവസരം നല്കിയിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ബില്ലുകൾ സഭ പരിഗണിക്കുന്നതിൽ അപാകതയൊന്നുമില്ല. ഇവിടെ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ):</u> സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (<u>ശ്രീ. സി. എൻ.</u>

ബാലകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപന നിയമം അനുസരിച്ച് പ്രവർത്തിക്കുന്നവയാണ്. 2007-ൽ കൊണ്ടുവന്ന ഭേദഗതികൾക്ക് മാറ്റം വരുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. മൂന്ന് അംഗങ്ങളിൽ രണ്ട് അംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നാമനിർദ്ദേശം ചെയ്യേണ്ടതും പട്ടികജാതി/പട്ടികഗോത്ര വർഗ്ഗത്തിൽപ്പെട്ട അംഗത്തെ കേരള സംസ്ഥാന നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതുമാണ്. പുരുഷ മെമ്പർമാർ നാൽപ്പത്തി അഞ്ച് വയസ്സും സ്ത്രീ മെമ്പർ അറുപത് വയസ്സും പൂർത്തിയാക്കിയിരിക്കണം. ബോർഡിന്റെ കാലാവധി മൂന്ന് വർഷമായി വർദ്ധിപ്പിക്കണം. ചട്ടങ്ങളുണ്ടാക്കാനുള്ള ബോർഡിന്റെ അധികാരത്തിൽ 'സർക്കാരിന്റെ മുൻ അംഗീകാരത്തോടുകൂടി' എന്ന് കൂട്ടിചേർക്കണം, ബോർഡിന്റെ നിയമനങ്ങൾ പി.എസ്.സി. ക്ക് വിടാനുള്ള വകുപ്പ് റദ്ദ് ചെയ്യണം, സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിക്കേണ്ട ആവശ്യമില്ല തുടങ്ങിയ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് 2012-ൽ ഭേദഗതി ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളിൽ ഒന്നാമത്തേത് മൂലനിയമത്തിന് അനുസൃതമാണ്. മൂന്ന് മെമ്പർമാർ എന്നുമാത്രമാണ് ഉണ്ടായിരുന്നത്. 2007-ലെ ഭേദഗതി നിയമത്തിലാണ് ഒരു മെമ്പർ വനിത ആയിരിക്കണമെന്ന

നിബന്ധന കൂട്ടിച്ചേർത്തത്. രണ്ട് മെമ്പർമാരിൽ സ്ത്രീയേയോ പുരുഷനെയോ നിയമിക്കാം. പട്ടികജാതിക്കാർക്ക് ഒരു മെമ്പറെ ഉൾപ്പെടുത്താമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയതും 2007-ലാണ്. ബോർഡിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന പൊതു അഭിപ്രായം കണക്കിലെടുത്താണ് മൂന്ന് വർഷമായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. ദേവസ്വം ബോർഡിലേയ്ക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിലെ അനൗചിത്യം ചൂണ്ടിക്കാണിച്ചുകൊണ്ട് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിരുന്നു. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതി ആരോപണങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ നിയോഗിച്ച ജസ്റ്റിസ് പരിപൂർണ്ണൻ കമ്മിഷൻ റിപ്പോർട്ടിൽ ദേവസ്വം ബോർഡുകൾക്കുവേണ്ടി ഏകീകൃത റിക്രൂട്ടമെന്റ് ബോർഡ് രൂപീകരിക്കണമെന്ന നിർദ്ദേശം ബോർഡും മുൻ സർക്കാരും അംഗീകരിക്കുകയും കോടതി രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകൾ, ഗുരുവായൂർ, കൂടൽമാണിക്യം എന്നീ സ്ഥാപനങ്ങളിലെ എല്ലാ വിഭാഗം നിയമനങ്ങൾക്കും ബോർഡ് രൂപീകരിക്കണമെന്ന നിയമം പ്രാബല്യത്തിൽ വന്നാൽ ദേവസ്വം ബോർഡിലെ നിയമനങ്ങൾക്ക് സുതാര്യത ഉറപ്പുവരും. ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനുമുമ്പ് സർക്കാരിന്റെ മുൻകൂർ അംഗീകാരം വാങ്ങണമെന്ന വ്യവസ്ഥ കൂട്ടിച്ചേർത്തിട്ടുണ്ട്. മൂന്ന് മെമ്പർമാർ മാത്രമുള്ള ബോർഡിൽ സ്റ്റാന്റിംഗ് കമ്മിറ്റിയെ നിയോഗിക്കേണ്ട ആവശ്യമുണ്ടെന്ന്

സർക്കാർ കരുതുന്നില്ല. ബിൽ ഏകകണ്ഠമായി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ ജി. സുധാകരന്:</u> I move that - "This House resolves to disapprove The Travancore-Cochin Hindu Religious Institutions (Amendment) Ordinance, 2013 (Ordinance No.42 of 2013)". ഫ്യൂഡൽ കാലഘട്ടത്തെ തിരിച്ചുകൊണ്ടുവരാനുള്ള നിയമനിർമ്മാണമാണിത്. ഇത് ഭരണഘടനാ വിരുദ്ധമാണ്. ചെറിയ ഭൂരിപക്ഷത്തിൽ പാസ്സാക്കിയാലും കേരളത്തിന്റെ സാമൂഹ്യ മന:സാക്ഷി ഇത് അംഗീകരിക്കുകയില്ലെന്നു മാത്രമല്ല മതേതരത്വത്തിന് കനത്ത തിരിച്ചടിയുമാണ്. സംസ്ഥാനത്തിന്റെ നവോത്ഥാന മുന്നേറ്റത്തിന് അനുകൂലമായി കഴിഞ്ഞ സർക്കാർ കൊണ്ടുവന്ന നിയമം സാമുദായിക ശക്തികൾക്കുവേണ്ടി അടിയറവ് വയ്ക്കുകയാണ്. വിവിധ മതങ്ങളിലേയും പ്രസ്ഥാനങ്ങളിലേയും തലമുറകളായുള്ള പരിഷ്ക്കരണങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനുപകരം അത് തകർക്കാൻ ശ്രമിക്കുന്നത് അപലപനീയമാണ്. ദേവസ്വം ബോർഡിലേക്കുള്ള നിയമനങ്ങൾക്കുവേണ്ടി പി.എസ്.സി. യെ പിൻവലിച്ച് റിക്രൂട്ട്മെന്റ്ബോർഡ് രൂപീകരിച്ചത്

വിമർശനാത്മകവും അഴിമതിക്കുള്ള അവസരം ഒരുക്കുന്നതുമാണ്. ഭരണഘടനാ വിരുദ്ധമായ ഇത്തരം നടപടികളെ യുവജനസംഘടനകൾ ചെറുത്തു തോൽപിക്കും. മതവും ഭരണവും വെവ്വേറെയാണെന്ന് കോടതി തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ദേവസ്വം ബോർഡിന്റെ ഭരണം ജനങ്ങളുടേതായിരിക്കണം. എല്.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബോർഡിന്റെ പല തെറ്റായ നടപടികളും വിമർശനത്തിന് വിധേയമാക്കിയിരുന്നു. ദേവസ്വം ബോർഡ് ജീവനക്കാരുടെ നിയമനത്തിൽ ബോർഡ് അംഗങ്ങൾക്കുണ്ടായിരുന്ന അവകാശം എടുത്തുകളഞ്ഞുകൊണ്ട് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത് ദേവസ്വം ബോർഡിന്റെ അധികാരം കുറയ്ക്കാൻ ഇടയാക്കും. ഭരണഘടനയിലെ ആർട്ടിക്കിൾ 12 അനുസരിച്ച് സംസ്ഥാനത്തിനുള്ള അവകാശം പൊതുജനതാൽപ്പര്യത്തിന് വിരുദ്ധമായി ഉപയോഗിച്ചിരിക്കുന്നു. ഈ ഭേദഗതി ഭരണഘടനയിലെ പ്രസക്തമായ വകുപ്പുകൾക്ക് എതിരായിട്ടുള്ളതിനാൽ ആർട്ടിക്കിൾ 13 അനുസരിച്ച് നിലനിൽക്കില്ല. തിരുവിതാംകൂര്-കൊച്ചി ദേവസ്വം ബോർഡുകളിലെ വനിതാ പ്രാതിനിധ്യം ഒഴിവാക്കിയത് ആർട്ടിക്കിൾ 14, 15 എന്നിവയ്ക്ക് വിരുദ്ധമായതിനാലും ഈ നിയമം നിലനിൽക്കില്ല. രാജ്യത്ത് നിലനിൽക്കുന്ന ഏതെങ്കിലും നിയമത്തിന് വിരുദ്ധമായി നിയമനിർമ്മാണം നടത്താൻ പാടില്ല. ഭരണഘടനാ വിരുദ്ധമായ ഈ ഭേദഗതി ബിൽ

പിൻവലിക്കണം. ദേവസ്വം ബോർഡ് നിയമനങ്ങളിൽ സംവരണതത്വങ്ങൾ പാലിക്കാത്തതിനാലും പ്രാതിനിധ്യക്കുറവ് പരിഹരിക്കുന്നതിനുതകുന്ന നിർദ്ദേശങ്ങൾ ഇല്ലാത്തതിനാലും ഭരണഘടനയുടെ ആർട്ടിക്കിൾ പതിനാറിനും സിക്ക്, ജൈന, ബുദ്ധ മതങ്ങൾ പിൻതുടരുന്നവരെ ഹിന്ദുക്കളായി പരിഗണിക്കണമെന്ന തത്വം പാലിച്ചിട്ടില്ലാത്തതിനാൽ ഈ ബിൽ ഭരണഘടനയുടെ ആർട്ടിക്കിൾ ഇരുപത്തിയഞ്ചിനും വിരുദ്ധമാണ്. മതസ്ഥാപനങ്ങളുടെ ഭരണത്തിലേർ പ്പെടാൻ എല്ലാ വിഭാഗക്കാർക്കും അധികാരമുണ്ടെന്ന ആർട്ടിക്കിൾ ഇരുപത്തിയാറിലെ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ് ഈ ബില്. വനിതാ സംവരണം ഒഴിവാക്കിയതും അംഗങ്ങളുടെ കുറഞ്ഞ പ്രായം നാൽപ്പത്തിയഞ്ചായി കുറച്ചതും ഭരണഘടനാ വിരുദ്ധമാണ്. വനിതാ അംഗങ്ങളെ ദേവസ്വം ബോർഡിൽ നിയമിക്കുമ്പോൾ നാട്ടിൽ നിലനിൽക്കുന്ന ആചാരാനുഷ്ഠാനങ്ങളടക്കമുള്ള കാര്യങ്ങൾ കണക്കിലെടുത്ത് നിയമഭേദഗതി കൊണ്ടുവരണമെന്നാണ് സുപ്രീംകോടതിയുടെ അഭിപ്രായം. ദേവസ്വം ബോർഡ് അംഗങ്ങളുടെ പ്രായം 50-ൽ നിന്ന് 45 ആയി കുറയ്ക്കുന്നതിനേക്കാൾ 50 - 60 വയസ്സാക്കുന്നതാണ് ഉചിതം. അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമാക്കുന്നത് അഴിമതി വർദ്ധിക്കാൻ ഇടയാക്കും. ചർച്ചകളൊന്നുമില്ലാതെ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനാണ് സ്റ്റാന്റിംഗ് കമ്മിറ്റികളെ ഒഴിവാക്കിയത്.

ദേവസ്വം രക്ഷകർത്തൃ സമിതികളിൽനിന്നുള്ള പ്രതിനിധികളെയും ബോർഡിൽനിന്ന് ഒഴിവാക്കിയിരിക്കുകയാണ്. ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ടുകൊണ്ടുള്ള വ്യവസ്ഥ റദ്ദാക്കിയിരിക്കുന്നത് നിലനിൽക്കില്ല. നിയമം പാസ്സാക്കി ചട്ടങ്ങൾ പബ്ലിഷ് ചെയ്തശേഷം നിയമം പിൻവലിക്കാൻ സാധിക്കില്ല. മൂലനിയമത്തിലെ എനേബ്ലിംഗ് ക്ലോസ് നിലനിർത്തിക്കൊണ്ട് നിയമനങ്ങൾ പി.എസ്.സി. ക്ക് വിട്ട നിയമം മാത്രം റിപ്പീൽ ചെയ്താൽ ഇത് നിലനിൽക്കുകയില്ല. ഈ ഭേദഗതി ഭരണഘടനാ വിരുദ്ധമാണ്.

<u>ശ്രീ. വി. ശശി:</u> നിരാകരണ പ്രമേയത്തെ പിന്താങ്ങുന്നു. അഴിമതിയും പക്ഷപാതിത്വവും ഇല്ലാതാക്കുന്നതിന് ദേവസ്വംബോർഡിൽ മാറ്റം വേണമെന്നുള്ള കമ്മിഷന്റെയും ഹൈക്കോടതിയുടെയും നിർദ്ദേശത്തെ അവഗണിച്ചുകൊണ്ടുള്ള ഈ ഭേദഗതിയുടെ ഉദ്ദേശം സർക്കാർ വ്യക്തമാക്കണം. സാമൂഹ്യനീതിക്കും മനുഷ്യത്വത്തിനും സമത്വത്തിനും സാഹോദര്യത്തിനും എതിരായ വിശ്വാസപ്രമാണങ്ങളെയും അന്ധവിശ്വാസങ്ങളെയും അംഗീകരിക്കാൻ കഴിയില്ല. നിലവിലുള്ള ബില്ലിനെ തകിടം മറിക്കാനാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വനിതാ സംവരണം ഒഴിവാക്കി

ക്കൊണ്ടും, രണ്ടുപേരെ ഹിന്ദു മന്ത്രിമാർ നോമിനേറ്റ് ചെയ്യണമെന്നും, എസ്.സി./എസ്.ടി. പ്രതിനിധിയെ ഹിന്ദു എം.എല്.എ. മാർ തെരഞ്ഞെടുക്കണമെന്നും ബില്ലിൽ പറഞ്ഞിരിക്കുന്നത് നിയമാനുസൃതമാണോ എന്ന് പരിശോധിക്കണം. സർക്കാർ നോമിനേറ്റ് ചെയ്യുന്ന രണ്ടംഗങ്ങളിൽ എസ്.സി./എസ്.ടി. മെമ്പറെക്കൂടി ഉൾപ്പെടുത്താത്തത് ദുരൂഹതയുള വാക്കുന്നതാണ്. സെക്ഷൻ 20(എ) പൂർണ്ണമായി നിരാകരിച്ചത് അപലപനീയമാണ്. ക്ഷേത്രങ്ങളിൽ നിലനിൽക്കുന്ന ജാതീയമായ അനാചാരങ്ങൾക്കെതിരെ നടപടി സ്വീകരിക്കണം. ബോർഡിലെ ജീവനക്കാരിൽ സിംഹഭാഗവും ക്ഷേത്ര ജീവനക്കാരായിരിക്കെ അവരുടെ നിയമനം പി.എസ്.സി. ക്ക് വിടാതിരിക്കുന്നതുവഴി ദേവസ്വം ബോർഡുകളെ അഴിമതിയുടെ കൂത്തരങ്ങായി മാറ്റിയിരിക്കുകയാണ്. ബില്ലിൽ വനിതാ പ്രാതിനിധ്യം ഒഴിവാക്കിയത് സംബന്ധിച്ച് പുന: പരിശോധിക്കണം. റിക്രൂട്ട്മെന്റ് അതോറിറ്റി രൂപീകരിക്കുമെന്ന് പറയുന്നുണ്ടെങ്കിലും ബില്ലിൽ അതേപ്പറ്റി പ്രതിപാദിച്ചുകാണുന്നില്ല.

ശ്രീ. എ. പ്രദീപ് കുമാർ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. ജനവിരുദ്ധമായ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബില്ലാണ് സർക്കാർ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. വനിതാ പ്രാതിനിധ്യം ഒഴിവാക്കിയതും നിയമനം

പിഎസ്.സി.ക്ക് വിടാത്തതുമായ ഭേദഗതികൾ ബില്ലിൽ ഉൾപ്പെടുത്തിയത് എന്തിനാണെന്ന് വ്യക്തമാക്കിയിട്ടില്ല. ദേവസ്വം ബോർഡിന്റെ സ്വയംഭരണാവകാശം ഇല്ലാതാക്കുന്ന ബില്ലാണിത്. ദേവസ്വം ബോർഡുകളിൽ പി. എസ്. സി. വഴി നിയമിക്കേണ്ട അഡ്മിനിസ്ട്രേറ്റർ ഓഫീസറടക്കമുള്ള ഉദ്യോഗസ്ഥരെ സംബന്ധിച്ച് ബില്ലിൽ വ്യക്തത വരുത്തിയിട്ടില്ല. ദേവസ്വം ബോർഡുകളെ സമുദായ നേതൃത്വങ്ങൾക്ക് പങ്ക് വയ്ക്കുന്നതിനും അവയുടെ സ്വയംഭരണാവകാശത്തെ അട്ടിമറിക്കുന്നതിനുമുള്ള നയസമീപനങ്ങളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ക്ഷേത്രഭരണങ്ങളിലും സർക്കാർ തീരുമാനിക്കേണ്ട കാര്യങ്ങളിലും സമുദായനേതൃത്വങ്ങൾ ഇടപെടുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ പാടില്ല. കേരളത്തിന്റെ സാമൂഹികാന്തരീക്ഷത്തിന് പോറലേൽപ്പിക്കുന്ന നിലപാടിലേക്കാണ് കാര്യങ്ങൾ പോകുന്നത്. ഈ ബില്ലിലൂടെ കൊണ്ടുവന്നിട്ടുള്ള സ്ത്രീവിരുദ്ധവും ജനാധിപത്യ വിരുദ്ധവുമായിട്ടുള്ള ഭേദഗതി പുന:പരിശോധിക്കാൻ സർക്കാർ തയ്യാറാകണം. ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന്റെ പേരിൽ അവയുടെ സൗകര്യങ്ങളും സൗന്ദര്യവും നശിപ്പിക്കുന്ന ആധുനിക രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരോധിക്കുന്നതോടൊപ്പം ക്ഷേത്രങ്ങളുടെ രൂപകൽപ്പന നടത്തുന്നതിന് വൈദഗ്ദ്ധ്യമുള്ളവരെ ഏൽപ്പിക്കാൻ ദേവസ്വം വകുപ്പ് മുൻകയ്യെടുക്കണം. ക്ഷേത്രങ്ങളുടെ പവിത്രതയും പരിശുദ്ധിയും നശിപ്പിക്കുന്ന പ്രവണതയ്ക്ക്

കടിഞ്ഞാണിടണം.

<u>ശ്രീ. ബാബു എം. പാലിശ്ശേരി</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. മൂലനിയമത്തിനെ ദുർബലപ്പെടുത്തുകയും അഴിമതിക്കും സ്വജനപക്ഷപാതത്തിനും വഴി തെളിക്കുന്നതുമായ വ്യവസ്ഥകളാണ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ദേവസ്വംബോർഡിൽ സ്ത്രീകൾക്കുണ്ടായിരുന്ന പ്രാതിനിധ്യം നിഷേധിക്കുന്ന ഈ ബിൽ ജനാധിപത്യ വിരുദ്ധവും അപലപനീയവും ലിംഗ വിവേചനവുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റികളെ ഒഴിവാക്കൽ, ബോർഡ് അംഗങ്ങളുടെ എണ്ണം കുറയ്ക്കൽ തുടങ്ങിയ വ്യവസ്ഥകൾ സമുദായ സംഘടനകളുടേയും സവർണ്ണ മേധാവിത്വത്തിന്റേയും കയ്യിൽ ദേവസ്വംബോർഡിന്റെ ഭരണം ഒതുങ്ങിനിൽക്കണമെന്ന ഗൂഢലക്ഷ്യത്തോടെയുള്ളതാണ്. പി.എസ്.സി. യുടെ വിശ്വാസ്യത ഇല്ലാതാക്കുകയാണ് ഈ ഭേദഗതി ബില്ലിലൂടെ ചെയ്തിരിക്കുന്നത്. ദേവസ്വം ബോർഡ് നിയമനങ്ങൾക്കു മാത്രമായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനുള്ള തീരുമാനം അഴിമതിക്ക് വഴിയൊരുക്കും. ചട്ടങ്ങൾ രൂപീകരിക്കുന്നതിനുമുമ്പ് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങണമെന്ന വ്യവസ്ഥയും ശരിയല്ല. സ്ത്രീ സമൂഹത്തേയും പട്ടികജാതി വിഭാഗങ്ങളേയും അപമാനിക്കുകയെന്ന ലക്ഷ്യമാണ് ഈ ബില്ലിൽ പ്രകടമാകുന്നത്. പരിതാപകരമായ സ്ഥിതിയിലാണ് പല ക്ഷേത്രങ്ങളും ഇന്ന് നിലകൊള്ളുന്നത്. കൂടുതൽ അധികാരങ്ങൾ ബോർഡുകൾക്ക് നൽകുന്നതിനുപകരം സർക്കാർ

താല്പര്യങ്ങൾ അടിച്ചേൽപ്പിക്കാനും ഉദ്യോഗസ്ഥ ഇടപെടൽ ശക്തിപ്പെടുത്താനും ബോർഡുകൾ ദുർബലപ്പെടുത്താനുമാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ശബരിമല പോലെയുള്ള ഹൈന്ദവ ക്ഷേത്രങ്ങളിൽ അന്യ സംസ്ഥാനക്കാർ പുതുതായി കൊണ്ടുവരുന്ന അനാചാരങ്ങൾ പ്രോത്സാഹിപ്പിക്കാൻ പാടില്ലാത്തതാണ്. കസ്തൂരിരംഗൻ റിപ്പോർട്ട് ശബരിമല പ്രദേശത്തെ ദോഷകരമായി ബാധിക്കുമെന്ന വിഷയം ചർച്ച ചെയ്യാൻപോലും സർക്കാർ തയ്യാറാകുന്നില്ല. കൂടുതൽ വരുമാനമുള്ള ക്ഷേത്രങ്ങളെ ട്രസ്റ്റുകൾക്ക് വിട്ടുകൊടുക്കുന്നത് ശരിയായ നടപടിയല്ല. ദേവസ്വം ബോർഡുകൾക്ക് എക്സിക്യൂട്ടീവ് അധികാരം ഉണ്ടായിരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിശദമായി ചർച്ച ചെയ്ത് പാസ്സാക്കിയെടുത്ത ദേവസ്വം ബില്ല് ധൃതിപിടിച്ച് ഭേദഗതിയിലൂടെ മാറ്റം വരുത്തേണ്ട ആവശ്യമില്ല.

<u>ശ്രീ വി.എസ്. സുനിൽ കുമാര്:</u> ഈ നിയമനിർമ്മാണത്തിലൂടെ സംസ്ഥാനം നേടിയെടുത്ത നവോത്ഥാന മൂല്യങ്ങൾ തകർക്കപ്പെടുമെന്നുള്ളതുകൊണ്ട് പുരോഗമനപരമായ കാഴ്ചപ്പാടുള്ളവർ ഇതിനെതിരെ ശക്തമായി പ്രതികരിക്കണം. സ്ത്രീകളുടെ സംവരണം മൂലനിയമത്തിൽ ഇല്ലാത്തതുകൊണ്ടാണ് ആ വ്യവസ്ഥ പിൻവിലിക്കുന്നതെന്ന വാദം ബാലിശമാണ്. തിരുവിതാംകൂര്, കൊച്ചി ദേവസ്വം ബോർഡുകളിലേക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥയും ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്കുള്ള

നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായ വ്യവസ്ഥയും ഒഴിവാക്കുന്ന ഭേദഗതികൾ പിൻവലിക്കണം. ഈ നിയമം പ്രാബല്യത്തിൽ വന്നാൽ കേരളത്തെ ഇരുട്ടിലേക്ക് നയിച്ച പൗരോഹിത്യം തിരിച്ചുവരികയും നവോത്ഥാന മൂല്യങ്ങൾ ഇല്ലാതാകുകയും ചെയ്യും. യാതൊരു അടിസ്ഥാനവും നയവുമില്ലാതെയാണ് ഈ നിയമം പാസ്സാക്കിയെടുക്കാൻ ശ്രമിക്കുന്നത്. ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും കോട്ടംതട്ടാതെ പി.എസ്.സി. ക്ക് നിയമനം നടത്താൻ സാധിക്കുമെന്നിരിക്കെയാണ് അതിനുള്ള വ്യവസ്ഥ ഒഴിവാക്കിക്കൊണ്ട് ദേവസ്വം ബോർഡ് ജീവനക്കാരുടെ നിയമനത്തിനായി റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കുന്നത്. സമൂഹം ആർജ്ജിച്ച മഹത്തായ മൂല്യങ്ങളെ ഇല്ലാതാക്കുന്ന ഭേദഗതി പിൻവലിക്കാൻ തയ്യാറാകണം.

<u>ശ്രീ. സി. കെ. നാണു:</u> കേരളത്തിൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിലെ വരുമാനം സർക്കാരിന്റെ ആവശ്യത്തിന് ഉപയോഗിക്കുന്നു വെന്ന ശക്തമായ പ്രചരണം നിലനിൽക്കുന്നുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചപ്പോൾ ക്ഷേത്രങ്ങളിലെ വരുമാനം സർക്കാരിന്റെ ആവശ്യത്തിന് ഉപയോഗിച്ചിട്ടില്ല. മലബാർ ദേവസ്വത്തിനു കീഴിലുള്ള സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്ന ക്ഷേത്രങ്ങളെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കണം. ദേവസ്വം ബോർഡുകളിലെ വനിതാ പ്രാതിനിധ്യം

ഇല്ലാതാക്കുന്നതിനോട് യോജിക്കാനാകില്ല.

<u>ശ്രീ. വി. ഡി. സതീശന്</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമതസ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. രാജഭരണത്തിൽനിന്നും ജനാധിപത്യത്തിലേക്ക് മാറിയപ്പോൾ കൊണ്ടുവന്ന ഒരു കവനന്റിന്റെ അടിസ്ഥാനത്തിലാണ് ഈ നിയമങ്ങൾ കൊണ്ടുവരുന്നത്. മാറിമാറി വരുന്ന ഭരണങ്ങൾ ദേവസ്വം ബോർഡിനെ നിയന്ത്രണവിധേയമാക്കാൻ നടത്തുന്ന നിയമനിർമ്മാണങ്ങളുടെ തുടർച്ചയാണ് ഈ നിയമവും. ദേവസ്വം ബോർഡുകൾക്ക് സ്വയംഭരണാവകാശം കൊടുക്കുകയും ദേവസ്വം ബോർഡിൽ അഴിമതിക്കാരല്ലാത്തവരെ പ്രസിഡന്റു മാരായും മെമ്പർമാരായും നിയമിക്കുകയും ചെയ്യണം. സർക്കാരും ദേവസ്വം ബോർഡും കൃത്യമായി കാര്യങ്ങൾ ചെയ്യാതെവരുമ്പോഴാണ് കോടതിയുടെ ഇടപെടൽ ഉണ്ടാകുന്നത്. ദേവസ്വം ബോർഡ് കമ്മീഷണറുടെ നിയമനം ഉൾപ്പെടെ പല അധികാരങ്ങളും ഇപ്പോൾ ഹൈക്കോടതിയുടെ പരിധിയിലാണ്. അതിനാൽ ദേവസ്വം ബോർഡുകളുടെ കാര്യത്തിൽ ഗവൺമെന്റിന് പരിമിതമായ നിയന്ത്രണമേ പാടുള്ളൂ. ഇക്കാര്യത്തിൽ ഒരു സമന്വയം

ഇരുഭാഗത്തുനിന്നും ഉണ്ടാകണം.

<u>ശ്രീ. പുരുഷൻ കടലുണ്ടി:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഒരു നിയമത്തിൽ ഭേദഗതി വരുത്തുന്നത് നിലവിലുള്ള നിയമത്തിലെ കുറവ് പരിഹരിക്കാനാണ്. കേരളത്തിന്റെ മൊത്തം ജനസംഖ്യാനുപാതത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള 10 ശതമാനം സംവരണത്തിന് ബില്ലിൽ വ്യവസ്ഥയില്ല. ഇത് ദളിത്/ സ്ത്രീ വിരുദ്ധ ബില്ലാണ്. ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി. വഴി നടത്താനുള്ള നിയമപരമായ വ്യവസ്ഥ എടുത്തുകളഞ്ഞുകൊണ്ട് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിക്കാനും എല്ലാ നിയമനങ്ങളും ഈ ബോർഡ് വഴി നടത്തുവാനും തീരുമാനിച്ചതിലൂടെ നിയമത്തിലെ സുതാര്യത നഷ്ടപ്പെടുത്തി ഈ രംഗത്ത് അഴിമതി നടത്താനുള്ള അവസരം ഒരുക്കിയിരിക്കുകയാണ്. മലബാറിലെ ക്ഷേത്രങ്ങളിൽ മൂന്നൂറോളം ആചാര്യസ്ഥാനീയരെ നിയമിക്കുന്നത് ക്ഷേത്രങ്ങൾക്ക് അധിക ബാധ്യതയുണ്ടാക്കുന്നു. അടിച്ചുതളിക്ക് മാത്രമേ താഴ്ന്നജാതിക്കാർക്ക് അവസരമുണ്ടാകൂ എന്ന റിക്രൂട്ട്മെന്റ് ബോർഡിന്റെ പരസ്യം ദേവസ്വം നിയമനങ്ങളിൽ ജാതി വിവേചനം പാടില്ലെന്ന സുപ്രീംകോടതി

ഉത്തരവിന്റെ നഗ്നമായ ലംഘനമാണ്. ദേവസ്വം അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നതിന് ഹിന്ദുമതത്തിന്റെ ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് പ്രവർത്തിക്കണമെന്നു മാത്രമാണ് ഭരണഘടന അനുശാസിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): തിരുവിതാംകൂർ-കൊച്ചി-മലബാർ ദേവസ്വംബോർഡുകളുടെ ക്ഷേത്ര വികസനത്തിനുവേണ്ടി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വളരെയധികം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഭക്തജനങ്ങളുടെ വികാരങ്ങൾ വ്രണപ്പെടുത്താതെ ക്ഷേത്രത്തിന്റെ പുരോഗമനപരമായ കാര്യങ്ങൾ നടപ്പാക്കുക എന്നതാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ക്ഷേത്ര ഭരണവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന അഴിമതി ഇല്ലാതാക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിച്ചു. മെമ്പർമാർ ചൂണ്ടിക്കാണിച്ച എല്ലാ അഭിപ്രായങ്ങളും ഉൾക്കൊള്ളുകയാണ്. ബോർഡ് അഗംങ്ങളായി സ്ത്രീകളെ നിയമിക്കരുതെന്ന് ഈ ബില്ലിൽ ഒരുസ്ഥലത്തും പറഞ്ഞിട്ടില്ല. സംവരണം കൊടുത്തിട്ടില്ലെങ്കിലും മൂന്നംഗങ്ങളും സ്ത്രീകളായിരിക്കുന്നതിനും തടസ്സമില്ലാത്ത സാഹചര്യമാണ് ബില്ലിലുള്ളത്. ഏകീകൃത സ്വയംഭരണാവകാശമുള്ള ഒരു റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ച്

ദേവസ്വം ബോർഡിലെ നിയമനങ്ങൾ അഴിമതിരഹിതമായി നടത്താനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഹിന്ദുമതക്ഷേത്രങ്ങളിലെ വരുമാനം സർക്കാർ ഉപയോഗിക്കുന്നു എന്നുള്ള പ്രചരണം തെറ്റാണ്. ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി സർക്കാർ ധാരാളം സഹായങ്ങൾ ചെയ്യുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിന് സർക്കാർ 26 കോടി രൂപ ഗ്രാന്റ് കൊടുത്തു. ശ്രീ പദ്മനാഭസ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കൾ സംരക്ഷിക്കുന്നതിനുവേണ്ടി പത്ത് കോടിയോളം രൂപയുടെ സെക്യൂരിറ്റി എക്യുപ്മെന്റ്സും പോലീസുകാരുടെ സേവനവും ലഭ്യമാക്കി. ആറ്റുകാൽ ക്ഷേത്രത്തിന്റെ പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുംവേണ്ടി ഗവൺമെന്റ് സഹായം നൽകി. ശബരിമലയിൽ ശുചിത്വം, റോഡുകളുടെ നവീകരണം, ബസ്സുകളുടെ പാർക്കിംഗ് മുതലായ വിവിധതരത്തിലുള്ള വികസനപ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

നിരാകരണ പ്രമേയം സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടുകൂടി പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്ക ണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

123, 124, 126, 127, 128,129 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച നൂറ്റിയിരുപത്തിനാലാം നമ്പർ ഭേദഗതി 56-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

ശ്രീ. എം. ഹംസ അവതരിപ്പിച്ച 126, 127 എന്നീ നമ്പർ ഭേദഗതികൾ 56-നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു

<u>മൂന്നാം വകുപ്പ്</u>

133, 134, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>നാലാം വകുപ്പ്</u>

ഭേദഗതി നമ്പർ 137 അവതരിപ്പിച്ചു.

<u>ഏഴാം വകുപ്പ്</u>

148, 149 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച 148, ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച 149 എന്നീ നമ്പർ ഭേദഗതികൾ 56 നെതിരെ 66 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ക്രമ പ്രശ്നം

## ബില്ലിലെ അപാകതകൾ സംബന്ധിച്ച്

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ ക്രമപ്രശ്നം ഉന്നയിച്ച് നോട്ടീസ് നൽകിയിരുന്നു)

ശ്രീ. കോടിയേരി ബാലകൃഷ്ണന്: ഇന്ന് രാവിലെ ക്രമപ്രശ്നം ഉന്നയിച്ചപ്പോൾ നിയമവകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം സംബന്ധിച്ച റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുമെന്ന് പറഞ്ഞെങ്കിലും ഇതുവരെ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കുകയോ, പ്രതിപക്ഷാംഗങ്ങൾക്ക് ഒരു കോപ്പി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. സ്പീക്കർ പറയുന്നതിന് യാതൊരു വിലയും കൽപ്പിക്കാതെ നിയമവിരുദ്ധമായാണ് സർക്കാർ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണന്: നിയമവകുപ്പ് സെക്രട്ടറി റിപ്പോർട്ട് എഴുതി കൊടുത്തിട്ടില്ല. ക്രമപ്രശ്നം ഉന്നയിച്ചശേഷമാണ് റിപ്പോർട്ട് വാങ്ങിയിരിക്കുന്നത്. റിപ്പോർട്ട് കൊടുത്തിട്ടുണ്ടെങ്കിൽ അത് ഫയലിൽ ഉണ്ടാകും. മന്ത്രി സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

**റൂളിംഗ്**

മി. സ്പീക്കര്: ആദ്യം ബിൽ അവതരിപ്പിച്ച അവസരത്തിൽ ശ്രീ. എ. കെ. ബാലൻ ക്രമപ്രശ്നം ഉന്നയിക്കുകയും അത് ചർച്ച ചെയ്യുകയുമുണ്ടായി. ഇന്നും ഇതുപോലുള്ള ഒരു ക്രമപ്രശ്നം ശ്രീ. കോടിയേരി ബാലകൃഷ്ണനും മാത്യു. റ്റി. തോമസും എഴുതിത്തരുകയും ചെയ്തപ്പോൾ അത് സംബന്ധിച്ച രേഖ മന്ത്രി മേശപ്പുറത്ത് വയ്ക്കും എന്ന് പറയുകയും ഇപ്പോൾ അദ്ദേഹം അത് മേശപ്പുറത്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സഭയുടെ മേശപ്പുറത്ത് ഒരു രേഖ വയ്ക്കുമെന്ന് പറഞ്ഞാൽ അന്നേദിവസം സഭയിൽ സമർപ്പിച്ചാൽ മതിയാകും. ആയതിനാൽ റിപ്പോർട്ട് നേരത്തെ കിട്ടിയിട്ടില്ലയെന്ന അങ്ങയുടെ വാദത്തോട് യോജിക്കാനാകില്ല.

ശ്രീ. വി.ഡി. സതീശന്: ബില്ലിന്റെ ഇൻട്രൊഡക്ഷൻ സ്റ്റേജിലാണ്

തടസ്സവാദം ഉന്നയിക്കുന്നത്. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ തീരുമാനമാകുകയും ധാരണയാകുകയും ചെയ്ത വിഷയമാണ് തടസ്സവാദമായി ഉന്നയിച്ചിട്ടുള്ളതെങ്കിലും മന്ത്രി അതിന് മറുപടി പറയുകയുണ്ടായി. എല്ലാ ബില്ലുകളും തയ്യാറാക്കുന്നത് നിയമവകുപ്പുമായി ആലോചിച്ചിട്ടാണ്. മന്ത്രിക്ക് നിയമപരമായി ഉത്തരം പറയാനുള്ള അവകാശത്തെയാണ് ചോദ്യം ചെയ്തിരിക്കുന്നത്.

ശ്രീ. മാത്യു. റ്റി. തോമസ് : നിയമവകുപ്പിന്റെ അംഗീകാരത്തിനുശേഷമാണ് പുതിയ ഓർഡിനൻസ് ഇറക്കിയതെന്ന് മന്ത്രി അപ്പോൾ പറയുകയും എന്നാല്, ഇപ്പോൾ സഭയുടെ മേശപ്പുറത്ത് സമർപ്പിച്ച കടലാസ്സിൽ നിയമവകുപ്പ് സെക്രട്ടറി തീയതി വച്ചിട്ടില്ലയെന്നതുമാണ് യാഥാർത്ഥ്യം. ഇതിൽ മന്ത്രി വച്ചിട്ടുള്ള തീയതി ഇന്നത്തേതാണ്. ഇ ത് ഗൗരവമായി പരിശോധിക്കണം.

മി. സ്പീക്കർ : പരിശോധിക്കാം.

ശ്രീ. കെ. ശിവദാസൻ നായർ : 2013-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ഓർഡിനൻസിന് അടിയന്തര നിയമനിർമ്മാണം സാധ്യമാക്കിത്തീർത്ത സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ടുള്ള കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും

സംബന്ധിച്ച ചട്ടങ്ങൾ പ്രകാരമുള്ള പ്രസ്താവനയിൽ നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറിയുടെ റിപ്പോർട്ട് കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**നിയമനിർമ്മാണം (തുടർച്ച)**

എട്ടാം വകുപ്പ്

155,156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഒമ്പതാം വകുപ്പ്

158, 163, 164, 165 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

പത്താം വകുപ്പ്

നൂറ്റിഅറുപത്തിയെട്ടാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പതിനാലാം വകുപ്പ്

നൂറ്റിഎഴുപത്തിയാറാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പതിനഞ്ചാം വകുപ്പ്

നൂറ്റിഎഴുപത്തിയൊമ്പതാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

പതിനേഴാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

183. In sub-clause (1) of clause 17, for the figure "34" within the bracket, the figure "42" shall be substituted;

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

111. In sub-clause (1) of clause 1, for the figure "2013", the figure "2014" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാര്‍): 2013-ലെ തിരുവിതാംകൂര്‍-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീര്‍) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ദേവസ്വം ബോർഡുകളിൽ സ്ത്രീകൾക്കുണ്ടായിരുന്ന സംവരണം എടുത്തുകളയാൻ തീരുമാനിക്കുന്ന ഈ ബിൽ യാതൊരുകാരണവശാലും അംഗീകരിക്കാൻ കഴിയില്ല. പാർലമെന്റിലും നിയമസഭകളിലും സ്ത്രീകൾക്ക് സംവരണം വേണമെന്ന ആവശ്യം ശക്തമായി

ഉയർന്നുവരുന്ന കാലഘട്ടമാണിത്. സ്ത്രീവിരുദ്ധ നിലപാട് സ്വീകരിക്കുന്ന ഈ നിയമനിർമ്മാണത്തിന് കൂട്ടുനിൽക്കാൻ സാധിക്കില്ല. ദേവസ്വം ബോർഡുകളിലെ നിയമനം പി.എസ്.സി.-ക്ക് കൈമാറിയിരുന്നത് ഈ ബില്ലിലൂടെ പിൻവലിച്ച നടപടി പ്രതിഷേധാർഹമാണ്. പി.എസ്.സി. വഴി നടത്തേണ്ട നിയമനം ദേവസ്വം ബോർഡ് വഴിയാക്കുന്നത് വൻ അഴിമതിക്ക് കളമൊരുക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. സ്ത്രീവിരുദ്ധ നിലപാട് സ്വീകരിക്കുന്നതും പട്ടികജാതി/പട്ടിക വർഗ്ഗ/മറ്റുപിന്നാക്കവിഭാഗ ഉദ്യോഗാർത്ഥികൾക്കെതിരെയുള്ളതുമായ ഈ ബിൽ പാസ്സാക്കിയെടുക്കാനുള്ള സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ച് പുറത്തുപോയി.)

ചീഫ് വിപ്പ് (ശ്രീ. പി. സി. ജോർജ്): 1950 മുതൽ 2007 വരെയുള്ള നിയമത്തിൽ സ്ത്രീ സംവരണത്തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലായിരുന്നു. ഒരു അംഗത്തെ തെരഞ്ഞെടുക്കാനുള്ള അവകാശം നിയമസഭാംഗങ്ങൾക്ക് നൽകിയിരിക്കുകയാണ്. പ്രതിപക്ഷം രാഷ്ട്രീയപ്രേരിതമായ പ്രസംഗം നടത്തി ബില്ലിന്റെ പവിത്രതയെ കളങ്കപ്പെടുത്താൻ ശ്രമിക്കുന്നത് ശരിയായ നടപടിയല്ല.

2013-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(2) **2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീ. കെ. ശിവദാസൻ നായർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള പല ക്ഷേത്രങ്ങളും നിത്യനിദാന ആവശ്യങ്ങൾ നിർവ്വഹിക്കാൻപോലും സാധിക്കാത്ത അവസ്ഥയിലാണ്. പല ക്ഷേത്രങ്ങളെ സംബന്ധിച്ചും ദേവസ്വം ബോർഡിന് പ്രത്യേക അധികാരങ്ങൾ ഇല്ലാത്ത

സ്ഥിതിയിൽ മറ്റ് ദേവസ്വങ്ങളെപ്പോലെ ഒരു ഏകീകൃത നിയമം ഉണ്ടാകേണ്ടത് അനിവാര്യമാണ്. കൂടുതൽ സാമ്പത്തിക സഹായം നൽകിക്കൊണ്ട് ക്ഷേത്രങ്ങളുടെ പുനരുദ്ധാരണത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തണം. മലബാർ ദേവസ്വത്തിന് കീഴിലുള്ള ക്ഷേത്രങ്ങളുടെ അന്യാധീനപ്പെട്ട സ്വത്തുക്കൾ തിരികെ ലഭിക്കുന്നതിനുവേണ്ടിയുള്ള സത്വര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. തെരഞ്ഞെടുക്കപ്പെടുന്ന ഭരണ സമിതി അംഗം ഹിന്ദുമത ദാർശനികനായിരിക്കണമെന്നും വനിതയ്ക്ക് ഭക്തി ഗാനത്തിൽ പ്രാവീണ്യം വേണമെന്നും നവോത്ഥാന പ്രസ്ഥാനങ്ങളിൽ നേതൃത്വം കൊടുത്ത ആളായിരിക്കണമെന്നുമുള്ള വ്യവസ്ഥകൾ കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് ബില്ലിൽ ഉൾപ്പെടുത്തിയത് തങ്ങളുടെ പാർട്ടിക്കാരെ കൊണ്ടുവരുന്നതിനുവേണ്ടിയായിരുന്നുവെന്ന സത്യം മറച്ചുവച്ചാണ് ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെ എതിർക്കുന്നത്.

(2 ബി ഭേദഗതി അവതരിപ്പിക്കപ്പെട്ടില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(131) In section 7M(iii), proposed to be inserted in the principal Act by clause 4, for the words "the Board including the working of the Area Committee" the words "the Board including the function to supervise the working of the Area Committee" shall be substituted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒമ്പതാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(153) In sub-clause (1) of clause 9, for the figure "35" within the bracket, the figure "43" shall be substituted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാംവകുപ്പും പീഠികയും പേരും</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

(110) In sub-clause (1) of clause 1, for the figure, "2013", the figure,

“2014” shall be substituted.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2008-ലാണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. 2008-ൽ കൊണ്ടുവന്ന ബില്ലിൽ ചില മാറ്റങ്ങൾ വരുത്താനാണ് ഈ ഭേദഗതി ബിൽ അവതരിപ്പിച്ചിട്ടുള്ളത്. മലബാർ ദേവസ്വത്തിന്റെ കീഴിലുള്ള ക്ഷേത്രങ്ങളുടെ പുരോഗതിക്കുവേണ്ടി സമഗ്രമായ പദ്ധതികൾ ഈ ഗവൺമെന്റ് ആവിഷ്കരിക്കുകയും ഗ്രാന്റ് വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നൽകുന്ന ഗ്രാന്റിൽനിന്നുമെടുക്കാതെ വരുമാനത്തിനനുസരിച്ച് ശമ്പളം ലഭ്യമാക്കുന്ന വളരെ കുറച്ച് ക്ഷേത്രങ്ങൾ മാത്രമാണുള്ളത്. വരുമാനമുള്ള ക്ഷേത്രങ്ങളിൽനിന്നും മറ്റുക്ഷേത്രങ്ങൾക്ക് സഹായം കൊടുക്കാൻ കഴിയുമോയെന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്. ക്ഷേത്രഭൂമി അന്യാധീനപ്പെട്ട് പോയതായുള്ള പരാതികളുടെ അടിസ്ഥാനത്തിൽ ലാന്റ് കൺസർവൻസി യൂണിറ്റ് രൂപീകരിക്കുന്നതിന് റവന്യൂ വകുപ്പിനോട്

ആവശ്യപ്പെട്ടിട്ടുണ്ട്. സർവ്വേ നടത്തുന്നതിനും എൻക്രോച്ച്മെന്റ് ഉണ്ടെങ്കിൽ കേരള ലാന്റ് കൺസർവൻസി ആക്റ്റ് അനുസരിച്ച് കയ്യേറ്റം ഒഴിപ്പിച്ച് ഭൂമി ഏറ്റെടുക്കുന്നതിനും സത്വര നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ക്ഷേത്രകലാ അക്കാദമി രൂപീകരിക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുകയും ധനകാര്യ വകുപ്പിലേക്ക് പ്രൊപ്പോസൽ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ക്ഷേത്ര ജീവനക്കാർക്ക് പെൻഷൻ നൽകുന്നതിന് വെൽഫെയർ ഫണ്ട് ബോർഡ് രൂപീകരിക്കുകയും പെൻഷൻ പരിഷ്കരണത്തിനായി ഒരു കമ്മിറ്റിയേയും നിയോഗിച്ചിട്ടുണ്ട്. 2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2013-ലെ മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റുകൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 5.11-ന് പിരിഞ്ഞു.

*******